ഡോ. തോമസ് ഐസക് : സർ, നമ്മുടെ റോഡുകളെല്ലാം ബി.എം. & ബി.സി.യിലേക്ക് മാറേണ്ടതുണ്ട്. ഏതിനാണ് മുൻഗണന നൽകേണ്ടത്, ഏതാണ് ആദ്യം തുടങ്ങേണ്ടത് എന്നുള്ളതിൽ ചില മാനദണ്ഡങ്ങൾ നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിൽ ബി.എം. & ബി.സി. ആയിട്ട് മാറ്റും. കൃത്യമായിട്ടും വ്യവസായ മേഖലകൾക്ക്, വലിയ ട്രക്കുകൾ ഓടുന്ന റോഡുകൾക്ക് കൂടുതൽ പരിഗണന നൽകും.

വനവികാസ് ഏജൻസിയുടെ പ്രവർത്തനം

3 (*603) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വനവികാസ് ഏജൻസിയുടെ പ്രവർത്തനം വിശദമാക്കുമോ ;

(ബി) ചെറുകിട വനവിഭവങ്ങൾ, ആദിവാസി ഉല്പന്നങ്ങൾ എന്നിവ ന്യായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് ഏജൻസി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) വനം വകുപ്പുമായി ബന്ധപ്പെട്ട പരിപാടികളിൽ വനവികാസ് ഏജൻസിയുടെ പ്രദർശന വിപണനമേളകൾ സംഘടിപ്പിക്കുമോ ;

(ഡി) ഓണക്കാലത്ത് ജില്ലാകേന്ദ്രങ്ങളിൽ പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : സർ,

(എ) ഫോറസ്റ്റ് ഡിവിഷൻ തലത്തിൽ വി.എസ്.എസ്. ഇ.ഡി.സി എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ദേശീയ വനവൽക്കരണ പദ്ധതിക്കുള്ള കേന്ദ്ര ഫണ്ട് നേരിട്ട് സ്വീകരിച്ച് പദ്ധതി നടപ്പാക്കുകയുമാണ് വന വികസന ഏജൻസിയുടെ പ്രധാന കർത്തവ്യം. കൂടാതെ വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി വർദ്ധിപ്പിക്കുന്നതിന് തടിയിതര വിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയും ഇക്കോടൂറിസ്സം പദ്ധതികളും നടപ്പാക്കുന്നുണ്ട്.

(ബി) മൂല്യവർദ്ധിത ചെറുകിട വനവിഭവങ്ങൾ, ആദിവാസി ഉല്പന്നങ്ങൾ എന്നിവ ഗുണമേൻമ ഉറപ്പുവരുത്തി പ്രകൃതി സൗഹൃദ പായ്ക്കിംഗിൽ, വനശ്രീ എന്ന ബ്രാൻഡിൽ വിപണനം ചെയ്യുന്നതിന് വന വികസന ഏജൻസികളുടെ കീഴിൽ ഇക്കോ ഷോപ്പുകൾ തുറന്നിട്ടുണ്ട്. കൂടാതെ വിവിധ പ്രദർശനങ്ങൾ, ഓണം മേള എന്നിവയോനുബന്ധിച്ച് വനശ്രീ സ്റ്റാളുകൾ വഴിയും മേൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംഘടിപ്പിക്കുന്നുണ്ട്.

(ഡി) ഓണച്ചന്തകളിൽ വനശ്രീ സ്റ്റാളുകൾ സംഘടിപ്പിക്കുന്നണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, കേരളത്തിൽ ഇതുവരെ എത്ര വന വികസന ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. പുതിയ വനവികസന ഏജൻസികൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ ?

ശ്രീ. ബിനോയ് വിശ്വം : സർ, ഓരോ വനം ഡിവിഷന്റെയും കീഴിലാണ് ഇതിന്റെ ഏജൻസികൾ പ്രവർത്തിക്കുന്നത്. 35 ഏജൻസികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അതിനപ്പുറം ഉണ്ടാവുക സാധ്യമല്ല.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, വനശ്രീ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് വനവികസന ഏജൻസികളുടെ കീഴിൽ എത്ര ഇക്കോ ഷോപ്പുകൾ തുടങ്ങിയിട്ടുണ്ട്. ഇനി എത്രയെണ്ണം തുടങ്ങാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. ബിനോയ് വിശ്വം : സർ, ചാലക്കുടി, പറമ്പിക്കുളം, മലമ്പുഴ, കോന്നി, ആലപ്പുഴ എന്നീ സ്ഥലങ്ങളിലെ വനം വകുപ്പ് ആസ്ഥാനങ്ങളിലാണ് ഇപ്പോൾ വനശ്രീയുടെ സ്റ്റാളുകൾ ഉള്ളത്. അതിനുപുറമേ 13 സ്റ്റാളുകൾ കൂടി ഈ വർഷം തന്നെ ആരംഭിക്കാൻ കഴിയും.

ശ്രീ. ബി. ഡി. ദേവസ്സി : സർ, ഇക്കോ ഷോപ്പുകൾവഴി എന്തെല്ലാം വനശ്രീ ഉല്പന്നങ്ങളാണ് വിപണനം നടത്തുന്നത് ; വനശ്രീ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. ബിനോയ് വിശ്വം : സർ, വനശ്രീയിലെ ഉല്പന്നങ്ങൾ പ്രധാനമായിട്ടും തേൻ, കുന്തിരിക്കം, കാട്ടി ഏലം, വാളൻ പുളി ഇങ്ങനെ അതിന്റെ ഒരു ലിസ്റ്റ് തന്നെയുണ്ട്. അത് മുഴുവൻ ഞാൻ ഇവിടെ പറയുന്നില്ല. അദ്ദേഹത്തിന് ഇത് നന്നായി അറിയാവുന്നതാണ്. അദ്ദേഹത്തിന്റെ പ്രദേശത്തും ഈ സംവിധാനം നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാനുള്ള എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. പലതവണ അവ സംസ്ക്കരിച്ചിട്ടാണ് മാർക്കറ്റിലേക്ക് കൊണ്ടുവരുന്നത്.

ശ്രീ. കെ. സി. കുഞ്ഞിരാമൻ : സർ, വനവികാസ് ഏജൻസികളുടെ പ്രവർത്തനം ഏറെ ഫലപ്രദവും വനാശ്രിത സമൂഹത്തിന് ഏറെ പ്രയോജനകരവുമാണ്. വനവികാസ് ഏജൻസികളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത വനമേഖലകളിലും കൂടി ഇതിന്റെ പ്രവർത്തനം നടപ്പിലാക്കാൻ തയ്യാറാകുമോ ?

ശ്രീ. ബിനോയ് വിശ്വം : സർ, തീർച്ചയായിട്ടും ശരിയായ ഒരു നിർദ്ദേശമാണ് ഇത്. ആദിവാസികൾ അടക്കമുള്ള വനമേഖലയിലെ ജനങ്ങളെ ഇടത്തട്ടുകാർ കൊള്ളയടിക്കുകയാണ്. ഈ കൊള്ളയ്ക്ക് അന്ത്യം വരുത്തുവാൻ വേണ്ടിയാണ് ഈ സംവിധാനം ആരംഭിച്ചത്. അതിന് ഫലമുണ്ടാകുന്നുണ്ട്. അതുകൊണ്ട് തീർച്ചയായിട്ടും ഈ സംവിധാനം വ്യാപിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ് എം. തോമസ് : സർ, ഇക്കോ ടൂറിസ്സം കേന്ദ്രങ്ങളായ തുഷാരഗിരി പോലുള്ള സ്ഥലങ്ങളിൽ ടൂറിസ്സം വകുപ്പും വനം വകുപ്പും പണം പിരിക്കുന്നുണ്ട്. ടൂറിസ്സം വകുപ്പ് പിരിക്കുന്ന പണം ടെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലാണ് കൈകാര്യം ചെയ്യുന്നത്. വനം വകുപ്പ് പിരിക്കുന്ന പണം എന്താണ് ചെയ്യുന്നത്. അതിന്റെ ഭാഗമായി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ?

ശ്രീ. ബിനോയ് വിശ്വം : സർ, ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ രണ്ടുതരത്തിലുള്ള പണ പിരിവ് ശരിയായ കാര്യമല്ല. ടൂറിസ്സം വകുപ്പുമായി ആലോചിച്ചുകൊണ്ട് ഒറ്റ രീതിയിലാക്കാൻ ശ്രമിക്കാം. കാടിന്റേയും പുഴയുടെയും സംരക്ഷണവും അവിടെയുള്ള ജനങ്ങളുടെ ഉന്നമനത്തിനുംവേണ്ടിയാണ് ഇക്കോ ടൂറിസ്സത്തിന്റെ ഫണ്ട് ചെലവഴിക്കേണ്ടത്. അതാണ് അതിന്റെ ലക്ഷ്യം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, നമ്മുടെ വനസമ്പത്ത് സംരക്ഷിക്കുന്നത് അടക്കമുള്ള കാര്യങ്ങളാണ് വന വികാസ് ഏജൻസി ചെയ്യുന്നത്. ആ നിലയിൽ കയ്യേറ്റങ്ങൾ ഉണ്ടാകുന്നത് ഗൗരവമായി കാണേണ്ടതുണ്ട്. ഞാൻ ഇവിടെ നേരത്തെതന്നെ ഉന്നയിച്ചിട്ടുള്ള വിഷയമാണിത്. മെർക്കിസ്റ്റൺ എസ്റ്റേറ്റിൽ സേവി മനോ മാത്യു നടത്തിയ കയ്യേറ്റത്തെ സംബന്ധിച്ച്. ബഹുമാനപ്പെട്ട മന്ത്രിതന്നെ എനിക്കു നൽകിയ രേഖാമൂലമുള്ള മറുപടിയിൽ 42 തവണയാണ് കേസ് അവധിക്ക് വച്ചിരിക്കുന്നതെന്ന് പറഞ്ഞിട്ടുള്ളത്. സർക്കാരിന് ഈ കാര്യത്തിൽ ഒരു ആർജ്ജവമുണ്ടായിരുന്നെങ്കിൽ ഇതുപോലുള്ള കാര്യങ്ങൾ ആവർത്തിക്കപ്പെടുമായിരുന്നില്ല. അവിടെ അനധികൃതമായി തടയണ കെട്ടുന്ന സംഭവങ്ങൾ വരെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. വനവികാസ് ഏജൻസിയുടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുമ്പോൾ ഇത്തരം കയ്യേറ്റങ്ങൾ ഒഴിവാക്കി വനഭൂമി സംരക്ഷിക്കുവാനുള്ള നടപടി ആദ്യം സ്വീകരിക്കണ്ടേ ?

ശ്രീ. ബിനോയ് വിശ്വം : സർ, ഇതുമായി ബന്ധപ്പെട്ട ചോദ്യമല്ല, എങ്കിലും ഞാൻ മറുപടി പറയാം. 2005 മാർച്ച് 30-നാണ് ഈ വിൽപ്പനയുണ്ടായത്. അന്നത്തെ ഗവൺമെന്റ് ഏതാണെന്ന് നോക്കിയാൽ മതി. അതിന്റെ പോക്കുവരവ് 2005 ഏപ്രിലിലാണ് നടന്നത്. അത് ഓർത്താലും മതി. ഈ ഗവൺമെന്റാണ് കോടതിയിൽ പോയത്. ഈ ഗവൺമെന്റാണ് 42 തവണയും കോടതിയിൽ ഫൈറ്റ് ചെയ്തത്. ഈ ഗവൺമെന്റ് ആ ഫൈറ്റിന്റെ അന്ത്യം വരെയും പോകും. അതാണ് ഈ ഗവൺമെന്റ്.

ശ്രീ. എസ്. രാജേന്ദ്രൻ : വി.എസ്.എസ്.ന്റെ ഭാരവാഹികളായിട്ടുള്ളവർ ഇതിനുമുമ്പ് ഏതെങ്കിലും വനവിഭവങ്ങൾ അടക്കമുള്ളവ കൊള്ളയടിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഏതെങ്കിലും കുറ്റകൃത്യങ്ങൾ നിർവ്വഹിച്ചിട്ടുള്ള ആളുകളാണെങ്കിൽ, അവരെ ആ സ്ഥാനത്തു നിന്ന് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം : സർ, വി.എസ്.എസ്. ന്റെ ഭാരവാഹികൾ വനം കൊള്ള പോലുള്ള കുറ്റകൃത്യങ്ങളിലെ പ്രതികളാവാൻ പാടില്ല. അങ്ങനെയുണ്ടെങ്കിൽ അവരെ ഒഴിവാക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ *604

റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിന് നടപടി

4 (*604) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലെ മുഴുവൻ കുഴികളും അടിയന്തിരമായി അടയ്ക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ?

(ബി) ഇത്തരത്തിൽ എല്ലാ കുഴികളും അടയ്ക്കുന്നതിനുള്ള സമയപരിധി എന്നാണ് അവസാനിച്ചത് ;

(സി) പ്രസ്തുത സമയപരിധിക്കുള്ളിൽ പൊതുമരാമത്ത് റോഡുകളിലെ എല്ലാ കുഴികളും അടയ്ക്കാൻ കഴിഞ്ഞുവെന്ന് കരുതുന്നുണ്ടോ ;

(ഡി) പ്രസ്തുത കുഴിയടക്കൽ പരിപാടി അവലോകനം നടത്തുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിരിക്കുന്നത് ;

(ഇ) സമയപരിധി കഴിഞ്ഞിട്ടും ഇനിയും നികത്താനാകാത്ത എത്ര കുഴികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇത്തരത്തിൽ കുഴിയടയ്ക്കൽ പരിപാടി നടത്തിയതിൽ വ്യാപകമായി അഴിമതി നടന്നത് സംബന്ധിച്ച് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ ;

(ജി) അടച്ച കുഴികൾ വീണ്ടും ഇളകി കുഴികളായത് സംബന്ധിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ,

(എ & ബി) പ്രഖ്യാപിച്ചിരുന്നു.

(സി) 23-7-2010 -ലെ കണക്കുകൾ പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗത്തിൻകീഴിൽ 94.9 ശതമാനവും ദേശീയപാതാ വിഭാഗത്തിൻകീഴിലെ നിരത്തുകളിൽ 66 ശതമാനവും കുഴികൾ അടച്ചുകഴിഞ്ഞു. മഴ തുടരുന്നത് കൊണ്ട് മുഴുവൻ കുഴികളും അടയ്ക്കാൻ സാധിച്ചിട്ടില്ല. പ്രവർത്തികൾ തുടരുന്നുണ്ട്.

(ഡി) ദിവസേനയുള്ള കണക്കെടുത്ത് അത് പൊതുമരാമത്ത് വകുപ്പിന്റെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കുഴിയടയ്ക്കലിന്റേയും നടന്നുവരുന്ന മറ്റ് മരാമത്ത് പണികളുടെയും പ്രവർത്തന